പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1973 06.07.2015-ൽ മറുപടിക്ക്

## ബസ് ഡിപ്പോകളുടെയും വർക്ക്ഷോപ്പുകളുടെയും നവീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് : | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
| (എ) | 2014-15 ലെ ബഡ്ജറ്റിൽ ബസ് ഡിപ്പോകളുടെയും വർക്ക്ഷോപ്പുകളുടെയും നവീകരണം, പുതിയ ബസ്സ് സ്റ്റേഷനുകളുടെ നിർമ്മാണം, ആധുനിക സംവിധാനങ്ങളുള്ള ഗാരേജുകളുടെ നിർമ്മാണം തുടങ്ങിയവയ്ക്കായി എത്ര തുക വകയിരുത്തിയിരുന്നു ; | (എ) | 2014-15 ലെ ബഡ്ജറ്റിൽ അടിസ്ഥാന സൗകര്യ വികസനത്തിനും വർക്ക്ഷോപ്പുകൾ ആധുനികവത്ക്കരിക്കുന്നതിനുമായി 17.32 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. |
| (ബി) | ഇതിൽ എത്ര തുക അനുവദിച്ചുവെന്നും എത്ര തുക ചെലവഴിക്കാതെ ബാക്കിയുണ്ടെന്നും വ്യക്തമാക്കാമോ ; | (ബി) | 14.75 കോടി രൂപ 2014-15 സാമ്പത്തിക വർഷം തന്നെ സർക്കാർ കോർപ്പറേഷന് അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത തുക പൂർണ്ണമായും ചിലവഴിച്ചിട്ടുണ്ട്. ബാക്കിയുള്ള 2.57 കോടി രൂപ 2015-16 സാമ്പത്തിക വർഷം കോർപ്പറേഷന് അനുവദിച്ച് നൽകുന്നതിലേക്കായി സർക്കാരിന്റെ ഇലക്ട്രോണിക്ക് ലഡ്ജർ അക്കൗണ്ടിലേക്ക് പോസ്റ്റ് ചെയ്തിട്ടുണ്ട്. |
| (സി) | എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനുണ്ട് ; വ്യക്തമാക്കാമോ? | (സി) | എറണാകുളം, അടൂർ, കണിയാപുരം ഡിപ്പോകളിലെ യാർഡുകളുടെ പണി, കണിയാപുരം ഡിപ്പോയിലെ 3 ബേ ഗാരേജിന്റെ നിർമ്മാണം, ചങ്ങനാശ്ശേരി, കോട്ടയം ഷോപ്പിംഗ് കോംപ്ലക്സുകളുടെ പദ്ധതി, കോഴിക്കോട് റീജിയണൽ വർക്ക്ഷോപ്പ്, പാപ്പനംകോട് സെൻട്രൽ വർക്ക്ഷോപ്പ് എന്നിവയുടെ ആധുനിക വൽക്കരണം, ചെങ്ങന്നൂർ ഡിപ്പോ നവീകരണം, ജനറേറ്റർ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ട്. |

സെക്ഷൻ ഓഫീസർ